പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 760 — 28.02.2017 ൽ മറുപടിക്ക്

## മലബാർ ദേവസ്വം ബോർഡ്

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ദേവസ്വം വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മലബാർ ദേവസ്വം ബോർഡിന് ഇപ്പോൾ എന്ത് തുകയാണ് വർഷം തോറും ഗ്രാന്റായി നൽകുന്നത്; ഈ തുക മുഴുവനായി യഥാസമയം നൽകുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഗ്രാന്റ് തുക മുഴുവനായും കൃത്യസമയത്ത് തന്നെ റിലീസ് ചെയ്യുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ കൈക്കൊള്ളുമോ; | (എ) യും (ബി) യും | കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിൽ മലബാർ ദേവസ്വം ബോർഡിന് സർക്കാറിൽ നിന്ന് ലഭിച്ച ഗ്രാന്റിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | അനുവദിച്ച തുക |
|---|---|---|
| 2014-15 | 30.46 കോടി | 1 കോടി രൂപ ആചാര സ്ഥാനികർ, കോലധാരികൾ ധനസഹായം 2,62,97,000/- കളം - കാവ് - ആൽത്തറ നവീകരണം. |
| 2015-16 | 33.96 കോടി | 2014-15 വർഷത്തേക്ക് ഇ.എൽ.എ ആയി അനുവദിച്ച 12 കോടിയും 2015-16 വർഷത്തേക്ക് ആചാരസ്ഥാനികർ – കോലധാരികൾക്കുള്ള സാമ്പത്തിക സഹായത്തിനുള്ള 1 കോടിയും ഉൾപ്പെടെ ആകെ 13 കോടി രൂപ. |
| 2016-17 | 36.35 കോടി | 2016-17 സാമ്പത്തിക വർഷത്തേക്ക് 10.905 കോടി രൂപയും 2015-16 സാമ്പത്തിക വർഷത്തേക്ക് ഇ. എൽ. എ ആയി അനുവദിച്ച 19.9685 കോടി രൂപയും അനുവദിച്ചു. 2016- 17 വർഷത്തെ ബഡ്ജറ്റ് |

വിഹിതത്തിൽ ബാക്കിയുള്ള 25.445 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ വേതന വർദ്ധനവിനും ശമ്പളം കൃത്യമായി അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് എടുത്ത മന്ത്രിസഭാ തീരുമാനം നടപ്പിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ?

(സി)യും (ഡി)യും മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം അതാത് ക്ഷേത്രങ്ങളുടെ വരുമാനത്തിൽ നിന്നുമാണ് വിതരണം ചെയ്യേണ്ടത്. ക്ഷേത്ര വരുമാനത്തിന്റെ 50 % ജീവനക്കാരുടെ ശമ്പളത്തിന് ചെലവഴിച്ചിട്ടും തികയാതെ വരുന്ന തുകയാണ് മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നത്. മലബാർ ദേവസ്വം ബോർഡ് മാനേജ്മെന്റ് ഫണ്ടിൽ നിന്നും ക്ഷേത്ര ജീവനക്കാർക്ക് ശമ്പള ധന സഹായം അനുവദിക്കുന്നതിനുള്ള അപേക്ഷയും, കൃത്യമായ വരവ്, ചെലവ് കണക്കുകളും യഥാസമയം സമർപ്പിക്കുന്ന മുറയ്ക്ക് ശമ്പള ധനസഹായം അനുവദിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നില്ല.

സെക്ഷൻ ഓഫീസർ